"മാതൃഭാഷ - മലയാളം"

**കേരള സർക്കാർ**

**പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്**

നം.എസ്.എസ്.1/236/2020/പൊഭ.വ. തീയതി, തിരുവനന്തപുരം: 01.07.2020

**<u>സർക്കുലർ</u>**

വിഷയം :- പൊതുഭരണ വകുപ്പ് - കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട് ജീവനക്കാർ അന്യ ജില്ലകളിലുള്ള സർക്കാർ ഓഫീസുകളിൽ ഹാജരാകുന്നതിനു പകരം ജീവനക്കാർ താമസിക്കുന്ന ജില്ലയിൽ ജോലി ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

*******************

കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട് പൊതുഗതാഗത സൗകര്യം പൂർണ്ണമായി ആരംഭിക്കാത്തതിനാൽ അന്യ ജില്ലകളിലുള്ള സർക്കാർ ഓഫീസുകളിൽ ഹാജരാകേണ്ടയിരുന്ന ജീവനക്കാർക്ക്, അവർ താമസിക്കുന്ന ജില്ലയിലെ കളക്ടേറ്റ്/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ജോലി ചെയ്യുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കോ ജില്ലാ കളക്ടറേറ്റുകൾക്കോ ഏതെങ്കിലും ജീവനക്കാരന്റെ സേവനം ആവശ്യമാണെങ്കിൽ പ്രസ്തുത ജീവനക്കാരന്റെ സേവനം വിട്ടു നൽകണമെന്ന് ബന്ധപ്പെട്ട ജീവനക്കാരന്റെ മാതൃ വകുപ്പിനോട് രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്.

2. ഇത്തരം അപേക്ഷ ലഭിക്കുന്ന സമയത്ത് ജീവനക്കാരന്റെ ഓഫീസിലെ ആവശ്യകത പരിശോധിച്ച ശേഷം വകുപ്പ് മേധാവിക്ക് അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

3. ഇത്തരം ജീവനക്കാരുടെ സേവനം ഓഫീസിൽ ആത്യാവശ്യമാണെന്ന് തോന്നുന്ന പക്ഷം മാതൃവകുപ്പ് മേധാവിക്ക് പ്രസ്തുത ജീവനക്കാരെ തിരികെ വിളിക്കാവുന്നതാണ്.

4. ഗ്രൂപ്പ് III, IV വിഭാഗങ്ങളിലെ ജീവനക്കാരുടെ കാര്യത്തിൽ മാത്രമാണ് ഈ ക്രമീകരണം അനുവദിക്കാവുന്നത്.

5. ഇത്തരം ജീവനക്കാരെ ചുമതലപ്പെടുത്തിയ ഡ്യൂട്ടി പൂർത്തിയാകുന്ന മുറയ്ക്കോ ഇക്കാര്യത്തിൽ മറിച്ചൊരു സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്കോ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ജില്ലാ കളക്ടർമാരും പ്രസ്തുത ജീവനക്കാരെ വിടുതൽ ചെയ്ത് മാതൃ വകുപ്പിൽ ജോലിക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കേണ്ടതാണ്.

6. ഇത്തരത്തിൽ ക്രമീകരണം ഏർപ്പെടുത്തുമ്പോൾ ജീവനക്കാർ ഇത് ദുരുപയോഗം ചെയ്യുന്നില്ലായെന്ന് ഉറപ്പ് വരുത്താൻ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ജില്ലാ കളക്ടർമാരും അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്. ഏതെങ്കിലും ജീവനക്കാരൻ ഇത് ദുരുപയോഗം ചെയ്യുകയോ ചുമതലപ്പെടുത്തുന്ന ജോലി ചെയ്യാൻ വിസ്സമ്മതിക്കുകയോ

ചെയ്യുകയാണെങ്കിൽ അത്തരം ജീവനക്കാരെ ഉടൻ തന്നെ വിടുതൽ ചെയ്യേണ്ടതും മാതൃവകുപ്പിനെ അക്കാര്യം അറിയിക്കേണ്ടതുമാണ്.

**കെ. ആർ. ജ്യോതിലാൽ**
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
ഗവർണ്ണറുടെ പ്രിൻസിപ്പൽ സെക്രട്ടറി, കേരള രാജ്ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ് തലവന്മാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
കേരളത്തിലെ എല്ലാ സർക്കാർ ആഫീസുകൾക്കും/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
നിയമവും ധനകാര്യവും ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ